**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.819 — 09.08.2017 ന് മറുപടിയ്ക്ക്.

**കോതമംഗലം മണ്ഡലത്തിലെ കാട്ടാന ശല്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആന്റണി ജോൺ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുട്ടമ്പുഴ, പൂയംകുട്ടി, വടാട്ടുപാറ, മാമലക്കണ്ടം തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടാകുന്ന കാട്ടാന ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വനമേഖലയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശങ്ങളിൽ കാട്ടാന ശല്യം ഉണ്ടാകുന്നുണ്ട്. |
| (ബി) കാട്ടാന ശല്യം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | (ബി) കുട്ടമ്പുഴ പഞ്ചായത്തിലെ മലയാറ്റൂർ ഡിവിഷനിലെ വനാതിർത്തി പ്രദേശങ്ങളിൽ 20.50 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനും പ്രദേശവാസികൾക്കും, വഴിയാത്രക്കാർക്കും മുന്നറിയിപ്പ് നല്കുന്നതിനുമായി വനം വകുപ്പ് ജീവനക്കാരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വന്യജീവികൾ ഇറങ്ങുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ? | (സി) കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി ഭാഗത്ത് 7.00 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്ന സന്ദർഭങ്ങളിൽ പ്രദേശവാസികൾക്കും, വഴിയാത്രക്കാർക്കും മുന്നറിയിപ്പ് നല്കുന്നതിനായി എസ്.എം.എസ് മുന്നറിയിപ്പ് സംവിധാനം ആരംഭിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ